LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബി' ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണങ്ങൾ

21(25)ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 'കിഫ്ബി' ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് (2016-2021) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ധനാനുമതി നൽകിയ കിഫ്ബി പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അവയിൽ ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ പദ്ധതികളിൽ പൂർത്തിയാക്കുവാൻ ബാക്കിയുള്ള പ്രവർത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

കിഫ്ബി വഴി നടപ്പാക്കുന്ന കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം

22(26) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി വഴി നടപ്പാക്കുന്ന കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ടോ; ആയത് എന്നേയ്ക്ക് ലഭ്യമാകും എന്നറിയിക്കാമോ?

കുറവിലങ്ങാട് താലൂക്കാശുപത്രിയുടെ നവീകരണത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കേരള ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും അതിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബി നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ മറുപടി ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ പദ്ധതിക്ക് കേരളാ ഹൗസിംഗ് ബോർഡ് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത് എന്നറിയിക്കാമോ?

കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനായി 39.43 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് ആണ് കേരള ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതിക്കുവേണ്ടി 2-6-2020-ലെ സ.ഉ.(സാധാ) നമ്പർ 1001/2020/ ആ.കു.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

കിഫ്ബിയുടെ പ്രവർത്തനം

23(27) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി നാളിതുവരെ ഏതൊക്കെ ഏജൻസികളിൽനിന്നും എത്ര കോടി രൂപ സമാഹരിച്ചുവെന്നും ആയതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

കിഫ്ബി 2021 ജൂൺ 30 പ്രകാരം വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 9061.90 കോടി രൂപയും മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസ്സിന്റെയും വിഹിതമായി 8536.19 കോടി രൂപയും ഉൾപ്പെടെ ആകെ 17598.09 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽനിന്നും 12577.8 കോടി രൂപ പദ്ധതികൾക്കായും 1075.8 കോടി രൂപ വായ്പയുടെ തിരിച്ചടവിനും (മുതലും പലിശയും) വിനിയോഗിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബിയിലൂടെ എപ്രകാരമുള്ള പദ്ധതികൾക്കാണ് ഈ സർക്കാർ മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നത്: 2021-22 വർഷം എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി മുഖാന്തരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി മുഖാന്തരം പൊതുമരാമത്ത്, ഗതാഗതം, കൃഷി, പിന്നാക്ക സമുദായ വികസനം, സാംസ്കാരികം, ഫിഷറീസ്, വനം, ദേവസ്വം, വ്യവസായം, വൈദ്യുതി, തദ്ദേശസ്വയംഭരണം, കായികം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, റവന്യൂ, രജിസ്ട്രേഷൻ, ടൂറിസം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ, ആരോഗ്യം, ജലവിഭവം, വിദ്യാഭ്യാസം മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കാനാണ് ഈ സർക്കാർ മുൻഗണന നൽകുന്നത്. 2021-22 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 4 പദ്ധതികളാണ് കിഫ്ബിവഴി നടത്തുവാനായി പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ അടങ്കൽ തുക നിർണ്ണയിച്ചുവരുന്നതേയുള്ളൂ.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly